## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ

## ഡയറക്ടറുടെ (എ&റ്റി) നടപടിക്രമം, തിരുവനന്തപുരം.

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം- സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

പരാമർശം:- സർക്കുലർ നമ്പർ ഉപ:സി3/116/2020/ഉഭപവ തിരുവനന്തപുരം, തീയതി, 12/09/2020

**ഉത്തരവ് നം- ഇ.ഇ1-74950/2020/ആ.വ.ഡ, തിയതി, 19/10/2020**

2021 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നതിനായി പരാമർശ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ 31/12/2021 തീയതി വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 27 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 34 |
| എറണാകുളം | 18 |
| തൃശ്ശൂർ | 18 |
| പാലക്കാട് | 62 |
| മലപ്പുറം | 2 |
| കോഴിക്കോട് | 29 |
| വയനാട് | 2 |
| കണ്ണൂർ | 4 |

ജില്ലാ മെഡിക്കൽ ഓഫീസർമാർ പരാമർശ പ്രകാരം നിശ്ചിത മാതൃകയിൽ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകരുതെന്ന് നിർദ്ദേശം നൽകേണ്ടതുമാണ്. മേൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം മുൻകൂറായി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് പരാമർശം (2) സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന ശുപാർശ നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം ഈ ഓഫീസിൽ നിന്നും നൽകുന്നതാണ്. മേൽ വിവരിക്കുന്ന രീതിയിൽ ഒഴിവുകൾ അടിയന്തിരമായി (30/10/2020) പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കുവാൻ ജില്ലാ

മെഡിക്കൽ ഓഫീസർമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ടി ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

(ഒപ്പ്)
ഡോ.സെമീറ.എ.
അഡീഷണൽ ഡയറക്ടർ(എഫ്ഡബ്ല്യു)

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ
തിരുവനന്തപുരം/പത്തനംതിട്ട/ആലപ്പുഴ/എറണാകുളം/തൃശ്ശൂർ/
പാലക്കാട്/മലപ്പുറം/ കോഴിക്കോട്/വയനാട്/കണ്ണൂർ

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യകുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം (With CL)
2. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റ്.
3. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും
4. ഫയൽ/കരുതൽ ഫയൽ.

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

എ.എസ്